DESPATCHED
On..05/03/2020

14/01/20

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1746*(7)/2014*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. *10599/എസ്.ഐ.സി-ജി 6/14*

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. മോഹനൻ യു.കെ**
**പുതിയോട്ടിൽ (വീട്) കൊളത്തൂർ പി.ഒ**
**അത്തോളി വഴി–673 315**
**കോഴിക്കോട്** — **പരാതി ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ**
**എൽ.എസ്.ജി.ഡി.സെക്ഷൻ**
**നന്മണ്ട ഗ്രാമപഞ്ചായത്ത്**
**നന്മണ്ട പി.ഒ**
**കോഴിക്കോട്–673 613**

2. **അപ്പീൽ അതോറിറ്റി ആന്റ്**
**ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്**
**കോഴിക്കോട്**

— **എതിർകക്ഷികൾ**

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ വിവരം ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ വിശദീകരണം തേടുന്നതിന്, 07.11.2019 ന് വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ്, കോഴിക്കോട് നടന്ന ഹിയറിംഗിന് ഹാജരാകാൻ കത്ത് നൽകുകയും ഇരു കക്ഷികളും ഹാജരാകുകയും, എസ്.പി.ഐ.ഒ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളെല്ലാം നല്കിയെന്നു ബോധിപ്പിച്ചു. എന്നാൽ മറുപടി നൽകിയതിൽ വിവരാവകാശ അപേക്ഷയിലെ ഇനം രണ്ടിൽ ആവശ്യപ്പെട്ട ചുറ്റുമതിലിന്റെ നിർമ്മാണ പ്രവർത്തി ഏറ്റെടുത്ത് പൂർത്തീകരിച്ച കരാറുകാരന്റെ പേരും പൂർണ്ണമായ മേൽവിലാസവും നൽകിയില്ലയെന്ന ഹർജിക്കാരന്റെ ആക്ഷേപം കണക്കിലെടുത്ത കമ്മീഷൻ ടി ചോദ്യത്തിന് ഉത്തരം ഒരാഴ്ചയ്ക്കകം നൽകണമെന്ന് നിർദ്ദേശിക്കുകയും, 12.11.2019 ൽ കമ്മീഷനിൽ ലഭിച്ച കത്തിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ഇനം രണ്ടിലെ ചോദ്യത്തിനുള്ള മറുപടി നൽകിയതായും പകർപ്പ് ഹാജരാക്കുന്നതായും അറിയിക്കുകയും ചെയ്തു.

3. അപ്പീൽ ഹർജിയും, എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖ കളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ചോദ്യങ്ങൾക്ക് എല്ലാം തന്നെ മറുപടി നൽകിയതായി കാണുന്നതിനാൽ ടി അപ്പീൽ ഹർജി യിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേദിവസം 2020 ജനു വരി 14-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)